No. of Printed Pages : **6**

# 1368-M (NP)

റെജിസ്റ്റർ നംബർ | | | | | | |

## PART - III

## ഭൂമിശാസ്ത്രം

(മലയാളംഭാഷാന്തരണം)

സമയ പരിധി : 2.30 മണിക്കൂർ ] [ പരമാവധി മാർക്ക് : 70

**നിർദ്ദേശങ്ങൾ :** (1) ചോദ്യക്കടലാസ്സിലെ അച്ചടിയുടെ ഗുണനിലവാരം പരിശോധിക്കുക. എന്തെങ്കിലും ന്യൂനതകളുണ്ടെങ്കിൽ ഹാൾ സൂപ്പർവൈസറുമായി ബന്ധപ്പെടുക.

(2) എഴുതുവാനും അടിവരയിടുവാനും **കറുപ്പോ നീലയോ** നിറത്തിലുള്ള മഷിമാത്രം ഉപയോഗിക്കുക. ചിത്രങ്ങൾ വരയ്ക്കുവാൻ പെൻസിൽ ഉപയോഗിക്കാം.

### ഭാഗം – I

**കുറിപ്പ് :** (i) **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരം നൽകുക **15x1=15**

(ii) തന്നിരിക്കുന്ന **നാല്** ഉത്തരങ്ങളിൽനിന്ന് ഏറ്റവും യോജിച്ച ഉത്തരം തിരഞ്ഞെടുത്ത് ഉത്തരവും ഓപ്ഷൻ കോഡും എഴുതുക.

**1.** ഭൂമദ്ധ്യരേഖ മഴക്കാടുകളും ഉഷ്ണമേഖലാ ഇലപൊഴിയും വനങ്ങളും അറിയപ്പെടുന്ന പൊതുവായ പേര് :

(a) ടൈഗ ബയോമുകൾ (b) സവന്ന ബയോമുകൾ

(c) വന ബയോമുകൾ (d) മരുഭൂമി ബയോമുകൾ

**2.** വയലേലകളും കുടിലുകളും നിറഞ്ഞ ആവാസസ്ഥലം :

(a) നിബിഡ മേഖല (b) ന്യൂക്ലിയേറ്റഡ്

(c) നഗര മേഖല (d) ഗ്രാമീണ മേഖല

**3.** ഉപഭോക്തൃ ഉല്പന്നങ്ങൾ വിൽക്കുവാനായി ആരംഭിച്ച ലിങ്കുകൾ :

(a) ശക്തമായ ലിങ്കേജ് (b) ദുർബലമായ ലിങ്കേജ്

(c) ഇൻപുട്ട് ലിങ്കേജ് (d) ഔട്ട്പുട്ട് ലിങ്കേജ്

[ മറുപുറം

4. ഒരു രാജ്യം മറ്റൊരു രാജ്യത്തേക്ക് ചരക്കുകൾ കയറ്റുമതി ചെയ്യുകയും, അങ്ങനെ ലഭിക്കുന്ന പണം കൊണ്ട് മൂന്നാമത് ഒരു രാജ്യത്തുനിന്നും അതിനാവശ്യമായ ചരക്കുകൾ വാങ്ങുന്നതുമായ വ്യാപാരം :

(a) ബൈലാറ്ററൽ വ്യാപാരം (b) ഇന്റേണൽ വ്യാപാരം

(c) വ്യാപാര ബ്ലോക്ക് (d) മൾട്ടിലാറ്ററൽ വ്യാപാരം

5. സ്വീകരണമുറിയിലെ വിനോദോപാധികളായ ഉപകരണങ്ങളിൽ ഏതാണ് സിനിമാറ്റിക് മോഡിലുള്ള പരിപാടികൾ സംപ്രേക്ഷണം ചെയ്യുന്നത് ?

(a) ടെലിവിഷൻ (b) ടെലിഫാക്സ്

(c) ടെലിഗ്രാഫ് (d) ടെലിഫോൺ

6. ഇന്ത്യൻ വായു സേനയുടെ ആസ്ഥാനം :

(a) ന്യൂഡൽഹി (b) ഹൈദരാബാദ്

(c) ചെന്നൈ (d) കൽക്കത്ത

7. __________ രാജ്യങ്ങളാണ് ക്യോട്ടോ പ്രോട്ടോക്കോളിൽ ഒപ്പ് വച്ചിട്ടുള്ളത്.

(a) 87 (b) 97 (c) 67 (d) 77

8. ജലസേചനത്തിന് താരതമ്യേന കുറവ് ജലം മാത്രം ഉപയോഗിക്കുന്ന ജലസേചന രീതി :

(a) മാക്രോ ഇറിഗേഷൻ (b) മൈക്രോ ഇറിഗേഷൻ

(c) ഹൈഡ്രോപോണിക്സ് (d) ഓട്ടോമേറ്റഡ് ഇറിഗേഷൻ

9. സ്തൂപികാഗ്ര വനങ്ങൾ ഒരു __________ ബയോം ആണ്.

(a) ബെൻഥോസ് (b) നെക്ടോൺ

(c) സ്റ്റെപ്പെ (d) ടൈഗ

10. ആഫ്രിക്കയിലേയും ലാറ്റിൻ അമേരിക്കയിലേയും ഗുരുതരമായ പ്രശ്നം :

(a) ഉയർന്ന ജന സാന്ദ്രത (b) ആരോഗ്യ പ്രശ്നങ്ങൾ

(c) ദാരിദ്ര്യം (d) നിരക്ഷരത

11. ഒരു മില്ല്യണിലധികം ജനസംഖ്യയുള്ള നഗരങ്ങൾ അറിയപ്പെടുന്നത് :

(a) മില്ല്യൺ നഗരങ്ങൾ (b) പ്രാന്ത നഗരങ്ങൾ

(c) ഗ്രാമങ്ങൾ (d) പട്ടണങ്ങൾ

12. ഒരു രാജ്യത്തിന്റെ അതിർത്തിക്കുള്ളിൽ നടക്കുന്ന വ്യാപാരം അറിയപ്പെടുന്നത് :

(a) മൾട്ടിലാറ്ററൽ വ്യാപാരം (b) ഇന്റേണൽ വ്യാപാരം

(c) അന്താരാഷ്ട്ര വ്യാപാരം (d) ബൈലാറ്ററൽ വ്യാപാരം

13. റെയിൽവേ ഗതാഗതത്തിൽ അടുത്തയിടെ ഉണ്ടായ പ്രധാന പുരോഗതി :

(a) മലയോര തുരങ്കം

(b) എക്സ്പ്രസ്സ് ട്രെയിനുകൾ

(c) നഗരപ്രാന്തങ്ങളിലേക്കുള്ള തീവണ്ടികൾ

(d) സമുദ്രാന്തർ തുരങ്കം

14. നാഷനൽ നാച്ചുറൽ റിസോഴ്സസ് ഇൻഫർമേഷൻ സിസ്റ്റം എന്ന പ്രധാന വിവരശേഖരണ സിസ്റ്റം രൂപം നൽകിയത് ആർക്ക് വേണ്ടി ?

(a) IMSD (b) APIB (c) NNRMS (d) FAO

15. വ്യവസായ മേഖല ഏതെന്ന് കണ്ടുപിടിക്കുക :

(a) നീലഗിരി (b) രാജസ്ഥാൻ

(c) ന്യൂഡൽഹി (d) ചോട്ടാ നാഗ്പൂർ

## ഭാഗം – II

**ഏതെങ്കിലും ആറ് (6)** ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. ചോദ്യം നമ്പർ **24** ന് **നിർബന്ധമായും** ഉത്തരം എഴുതിയിരിക്കണം. **6x2=12**

**16.** സമശീതോഷ്ണ പുൽമേടുകളുടെ പേരുകൾ പട്ടികപ്പെടുത്തുക.

**17.** ഇരട്ട ഗ്രാമങ്ങളെ കുറിച്ച് എഴുതുക.

**18.** ഭാരം കുറയ്ക്കുന്നതിനുള്ള അസംസ്കൃത പദാർത്ഥങ്ങൾ ഏതൊക്കെ ?

**19.** ജനസംഖ്യയുടെ ആനുപാതികമല്ലാത്ത വിതരണത്തിനുള്ള കാരണങ്ങൾ എന്തൊക്കെ ?

**20.** വ്യാപാര ബാലൻസ് എന്തെന്ന് നിർവ്വചിക്കുക.

**21.** പ്രകൃതി ദുരന്തം എന്നാൽ എന്ത് ?

**22.** വിദൂര സംവേദനത്തിന്റെ (റിമോട്ട് സെൻസിംഗ്) വിവിധ തരങ്ങൾ ഏതൊക്കെ ?

**23.** ജലജന്യ രോഗങ്ങളുടെ പേരുകൾ പട്ടികപ്പെടുത്തുക.

**24.** ഏത് ബയോമാണ് നമ്മളെ സുനാമിയിൽ നിന്നും രക്ഷിക്കുക? അതിനെ കുറിച്ച് ഒരു കുറിപ്പ് എഴുതുക.

## ഭാഗം - III

**ഏതെങ്കിലും ആറെണ്ണത്തിന് (6)** ഉത്തരം എഴുതുക. ചോദ്യം നമ്പർ **33** ന് **നിർബന്ധമായും** ഉത്തരം നൽകിയിരിക്കണം. **6x3=18**

**25.** കുടിയേറ്റത്തേയും ഗ്രാമീണ ജനസംഖ്യയേയും കുറിച്ച് വിശദീകരിക്കുക.

**26.** ഉല്പന്നങ്ങളുടെ നിലയുടെ അടിസ്ഥാനത്തിൽ, വ്യവസായങ്ങളെ ഉദാഹരണ സഹിതം തരംതിരിക്കുക.

**27.** പർവ്വത ബയോമുകളെ കുറിച്ച് ഒരു വിവരണം നൽകുക.

**28.** ട്രേഡ് ബ്ലോക്കുകൾ കൊണ്ടുള്ള മെച്ചങ്ങൾ എന്തെല്ലാം ?

**29.** സാഹേൽ മരുഭൂമിയാകുവാനുള്ള കാരണങ്ങൾ എഴുതുക.

**30.** സമുദ്രത്തിന്റെ അടിത്തട്ടിലുള്ള തുരങ്ക പാത എന്താണെന്ന് വിശദമാക്കുക.

**31.** ലോകത്തിലെ ജലത്തിന്റെ വിതരണത്തെ കുറിച്ച് വിശദീകരിക്കുക.

**32.** പ്രാദേശിക വിദൂര സംവേദന കേന്ദ്രങ്ങളെ (റീജിയണൽ റിമോട്ട് സെൻസിംഗ് സെന്റർ) കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

**33.** അഗ്നിയുടെ വളയം എന്നറിയപ്പെടുന്ന സ്ഥലം ഏതാണ് ? എന്തുകൊണ്ട്?

## ഭാഗം - IV

**എല്ലാ** ചോദ്യങ്ങൾക്കും ഉത്തരം എഴുതുക. 5x5=25

**34.** (a) ഉഷ്ണമേഖല വന ബയോമുകളെ കുറിച്ച് വിശദീകരിക്കുക.

**അല്ലെങ്കിൽ**

(b) ജലമലിനീകരണത്തിനുള്ള കാരണങ്ങൾ വിശദമാക്കുക.

**35.** (a) വാൾട്ടർ ക്രിസ്റ്റാല്ലെറുടെ കേന്ദ്ര പ്രദേശ സിദ്ധാന്തം വിശദീകരിക്കുക.

**അല്ലെങ്കിൽ**

(b) വിവിധ തരം വ്യാപാരങ്ങളെ കുറിച്ച് വിവരിക്കുക.

**36.** (a) സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള വഴികൾ വിശദീകരിക്കുക.

**അല്ലെങ്കിൽ**

(b) മാൽഥുസ് ജനസംഖ്യ സിദ്ധാന്തത്തെ കുറിച്ച് വിശദമായി എഴുതുക.

**37.** (a) ഒരു ഭൂകമ്പ സമയത്ത് ചെയ്യേണ്ടതും ചെയ്യുവാൻ പാടില്ലാത്തതുമായ കാര്യങ്ങൾ വിശദമാക്കുക.

**അല്ലെങ്കിൽ**

(b) കേരളത്തിൽ പ്രളയം ഉണ്ടാകുവാൻ ഇടയായ കാരണങ്ങൾ വിവരിക്കുക.

**38.** (a) തന്നിരിക്കുന്ന ലോക ഭൂപടത്തിൽ അഗ്നിപർവ്വതങ്ങളുടെ സ്ഥാനം രേഖപ്പെടുത്തുകയും അവയെ കുറിച്ച് ചുരുക്കത്തിൽ വിവരിക്കുകയും ചെയ്യുക.

**അല്ലെങ്കിൽ**

(b) തന്നിരിക്കുന്ന ലോക ഭൂപടത്തിൽ, മരുഭൂമികൾ അടയാളപ്പെടുത്തി, അവയെ കുറിച്ച് വിശദീകരിക്കുക.

- o O o -